## പത്രക്കുറിപ്പ് പ്രസിദ്ധീകരണത്തിന്

**അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസും ഹോസ്റ്റൽ ഫീസും റീം ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.**

തിരുവനന്തപുരം:- അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴ്സ് ഫീസായി പരമാവധി 20,000/- രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000/- രൂപയുമാണ് നൽകുന്നത്. അപേക്ഷകർ കേരളാ സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്-പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നവരും നോൺ ക്രിമിലിയർ പരിധിയിൽ ഉൾപ്പെടുന്നവരുമായിരിക്കണം. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം അത്തരം സ്ഥാപനങ്ങളിൽ ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീതിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ മേലൊപ്പ് പതിപ്പിക്കേണ്ടതാണ്. അപേക്ഷകരുടെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന നൽകും. 80% അനുകൂല്യം മുസ്ലീം വിദ്യാർത്ഥികൾക്കും, 20% മറ്റു ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്നവർക്കുമായിരിക്കും. അപേക്ഷകന് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷ ഫോറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് ഇനത്തിൽ ഒടുക്കിയതിന്റെ അസ്സൽ രസീത്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജ് എന്നിവ സഹിതം "ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-33" എന്ന വിലാസത്തിൽ തപാൽ മുഖേന അയക്കേണ്ടതാണ്. അപേക്ഷകൾ 2018 ഫെബ്രുവരി-7 നകം ഈ ആഫീസിൽ ലഭിച്ചിരിക്കണം. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ 'അഖിലേന്ത്യാ സിവിൽ സർവ്വീസ് സ്കോളർഷിപ്പ് 2017-18' എന്ന് പ്രത്യേകം എഴുതിയിരിക്കണം. അപേക്ഷാ ഫോം www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2302090, 2300524 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക.

6/1/18

ഡയറക്ടർ

(19)

കേരള സർക്കാർ

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം-33

**അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസും ഹോസ്റ്റൽ ഫീസും റീഇംബേഴ്സ് ചെയ്യുന്നതിനുള്ള പദ്ധതി**

**അപേക്ഷ**

| | | |
|---|---|---|
| അപേക്ഷകന്റെ പേര് | : | |
| ഇപ്പോഴത്തെ മേൽവിലാസം | : | പിൻ ജില്ല |
| സ്ഥിര മേൽവിലാസം | : | പിൻ ജില്ല |
| വയസ്സ്, ജനനതീയതി | : | |
| മതം, ജാതി | : | |
| പുരുഷനോ, സ്ത്രീയോ എന്ന് | : | |
| ഫോൺ നമ്പർ: | : | മൊബൈൽ നമ്പർ: |
| അപേക്ഷകൻ നിലവിൽ പരിശീലനം നേടുന്ന സ്ഥാപനത്തിന്റെ പേരും വിലാസവും | : | |
| പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടിയ തീയതിയും അഡ്മിഷൻ നമ്പറും | : | |
| കോഴ്സ് ഫീസ് | : | |
| കോഴ്സിന്റെ കാലദൈർഘ്യം | : | |
| അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ | : | |
| ബാങ്കിന്റെ പേര്,ബ്രാഞ്ചിന്റെ പേര് | : | |
| ഐ.എഫ്.എസ്.സി കോഡ് | : | |

**വിദ്യാഭ്യാസ യോഗ്യത**

| യോഗ്യത | പൂർത്തീകരിച്ച വർഷം | ശതമാനം | ബോർഡ്/യൂണിവേഴ്സിറ്റി |
|---|---|---|---|
| എസ്.എസ്.എൽ.സി | | | |
| പ്ലസ് ടു/പ്രീഡിഗ്രി | | | |
| ബിരുദം | | | |
| ബിരുദാനന്തര ബിരുദം | | | |

| | | |
|---|---|---|
| ഏത് പരീക്ഷക്ക് വേണ്ടിയാണ് തയ്യാറെടുക്കുന്നത് (ടിക്ക് മാർക്ക് രേഖപ്പെടുത്തുക) | പ്രിലിമിനറി പരീക്ഷ ( ) | മെയിൻ പരീക്ഷ ( ) |

**പ്രിലിമിനറി പരീക്ഷയുടെ വിജയം സംബന്ധിച്ച്**

| പരീക്ഷ വിജയിച്ച വർഷം | രജിസ്റ്റർ നമ്പർ | റാങ്ക് നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബമാണോ | : | |
| കുടുംബത്തിന്റെ വാർഷിക വരുമാനം | : | |
| പിതാവിന്റെ/ രക്ഷിതാവിന്റെ പേര് | : | |
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | : | |

അപേക്ഷകന്റെ പേരും ഒപ്പും:

സ്ഥലം:
തീയതി:

<u>സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം</u>

.......................................................................(ഉദ്യോഗാർത്ഥിയുടെ പേര്)............................(തീയതി) മുതൽ എന്റെ സ്ഥാപനത്തിൽ അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയുടെ............................................ (പ്രിലിമിനറി/മെയിൻ) പരിശീലന ക്ലാസ്സിൽ ചേർന്നിട്ടുള്ളതും ഇപ്പോൾ വിജയകരമായി പഠനം തുടർന്ന് കൊണ്ടിരിക്കുന്നതുമാകുന്നു. ഇതേവരെയുള്ള ഹാജർ നിലയിൽ.............................ശതമാനം ഇതിനകം ടിയാൾ അർഹത നേടിയിട്ടുണ്ട്.

സ്ഥപനമേധാവിയുടെ പേരും ഒപ്പും:

സ്ഥലം:
തീയതി:

ആഫീസ് സീൽ

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

1. കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.(വിദ്യാർത്ഥി സമർപ്പിക്കുന്ന ഹോസ്റ്റൽ രസീത് സ്വകാര്യസ്ഥാപനത്തിലേതാണെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിയുടെ മേലൊപ്പ് നിർബന്ധമായും പതിപ്പിച്ചിരിക്കേണ്ടതാണ്.)
2. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് (വില്ലേജ് ആഫീസിൽ നിന്നും) / വരുമാന സർട്ടിഫിക്കറ്റ്.
4. റേഷൻ കാർഡിന്റെ ആദ്യ രണ്ട് പേജുകളുടെ പകർപ്പ് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)
5. ബാങ്ക് പാസ്ബുക്കിന്റെ ആദ്യപേജ്

<u>ആഫീസ് ആവശ്യത്തിന്</u>